**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 320** **03-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത കരുതൽതടങ്കൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) | മുഖ്യമന്ത്രിയുടെ പരിപാടികൾ ഉള്ള ജില്ലകളിലെ പ്രമുഖ രാഷ്ട്രീയ പാർട്ടിയിലെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും കരുതൽ തടങ്കലിലാക്കുന്ന പൊലീസ് നടപടി വ്യക്തി സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മുഖ്യമന്ത്രിയുടെ പരിപാടികൾ ഉള്ള ജില്ലകളിലെ പ്രമുഖ രാഷ്ട്രീയ പാർട്ടിയിലെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും കരുതൽ തടങ്കലിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്.<br><br>കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്.പ്രസ്തുത നിർദ്ദേശപ്രകാരമുള്ള സുരക്ഷ സംവിധാനങ്ങളാണ് മുഖ്യമന്ത്രിയ്ക്ക് നല്കി വരുന്നത് .മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്.<br><br>151 Cr.PC പ്രകാരം പോലീസ് സ്വീകരിച്ച നടപടികൾക്കെതിരെ WP(C) No.24896/2022 പ്രകാരം നൽകിയ പെറ്റീഷനിൽ കുറ്റകൃത്യം തടയുന്നതിന് മുൻകരുതൽ എന്ന നിലയിൽ 151 Cr.PC പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് അധികാരമുണ്ടെന്ന കാരണത്താൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതല്ല എന്ന് 21.02.2023-ൽ ബഹു. കേരളാ ഹൈ ക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇത് ഓരോ പൗരനും ഭരണഘടന ഉറപ്പ് നൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെയും കരുതൽ | (ബി) | പൗരന് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള |

| | | | |
|---|---|---|---|
| | തടങ്കലിനെതിരെയുള്ള അനുച്ഛേദം 22-ന്റെയും ലംഘനമാണോയെന്ന് വ്യക്തമാക്കാമോ; | | പ്രവർത്തനങ്ങൾ ഒന്നും തന്നെ പോലീസിൽ നിന്നും ഉണ്ടായിട്ടില്ല. |
| (സി) | പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും അനധികൃതമായി കരുതൽ തടങ്കലിൽ വച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ